ഭരണഭാഷ മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**

**dtekerala@gmail.com**
**04712561307**

**നടപടിക്രമം**

സാങ്കേതികം - വിദ്യാഭ്യാസം - സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ് - തൃശ്ശൂർ സർക്കാർ എഞ്ചിനീയറിങ് കോളേജിലെ കെമിക്കൽ എഞ്ചിനീയറിങ് വിഭാഗം ട്രേഡ് ഇൻസ്ട്രക്ടർ ശ്രീ.അബ്ദുൾ സമദ് കെ വി യെ സർവീസിൽ നിന്നും നീക്കം ചെയ്തു ഉത്തരവ് പുറപ്പെടുവിക്കുന്നു .

---

*ജീവനക്കാര്യം ബി വിഭാഗം*

**EB2/ 423/2024 /DTE** തിരുവനന്തപുരം , **08-11-2024**

---

*വായന:-*

1. തൃശ്ശൂർ സർക്കാർ എഞ്ചിനീയറിങ് കോളേജ് പ്രിൻസിപ്പാളിന്റെ **18.12.2023** ലെ ലെ **ഇ2/10530/2023** നമ്പർ കത്ത് .
2. തൃശ്ശൂർ സർക്കാർ എഞ്ചിനീയറിങ് കോളേജ് പ്രിൻസിപ്പാളിന്റെ **18.04..2024** ലെ ലെ **ഇ2/10530/2023** നമ്പർ കത്ത്
3. ഈ കാര്യാലയത്തിൽ ലഭിച്ച **1/3906/2024/DTE** നമ്പർ വിവരാവകാശ അപേക്ഷ
4. ഈ കാര്യാലയത്തിലെ **16/01/2023** ലെ ഇതേ നമ്പർ കാരണം കാണിക്കൽ നോട്ടീസ്
5. തൃശ്ശൂർ സർക്കാർ എഞ്ചിനീയറിങ് കോളേജ് പ്രിൻസിപ്പാളിന്റെ **08.08.2024** ലെ **ഇ2/10530/2023** നമ്പർ കത്ത്
6. **18.10.2024** ലെ **EB2/432/2024/**ഡിടിഇ നമ്പർ ഉത്തരവ്

**ഉത്തരവ്**

തൃശ്ശൂർ സർക്കാർ എഞ്ചിനീയറിങ് കോളേജിലെ കെമിക്കൽ എഞ്ചിനീയറിങ് വിഭാഗത്തിൽ ട്രേഡ് ഇൻസ്ട്രക്ടറായ ശ്രീ.അബ്ദുൾസമദ് കെ വി ടി തസ്തികയിൽ സേവനത്തിൽ തുടരവേ വിദേശത്ത് ജോലി സ്വീകരിക്കുന്നതിനായി **KSR Part I Appendix XII A** പ്രകാരം **02.11.2012** പ്രാബല്യത്തിൽ **3** വർഷത്തെ ശൂന്യവേതനാവധി എടുക്കുകയും വീണ്ടും **5** വർഷത്തേയ്ക്ക് കൂടി **24.11.2015** പ്രാബല്യത്തിൽ അവധി ദീർഘിപ്പിക്കുകയും തുടർന്നു **3** വർഷത്തേയ്ക്ക് കൂടി **24.11.2020** പ്രാബല്യത്തിൽ അവധി ദീർഘിപ്പിക്കുകയും ചെയ്തു. ആകെ **11** വർഷം ടിയാൻ അവധിയിൽ ആയിരുന്നു. ശേഷം അവധി കഴിഞ്ഞ് തിരികെ ജോലിയിൽ പ്രവേശിക്കണമെന്ന് ആവശ്യപ്പെട്ടത് അനുസരിച്ച് ഒഴിവില്ലാതിരുന്നിട്ടും ജൂനിയർ ആയ ഉദ്യോഗസ്ഥയെ തരം താഴ്ത്തി ശ്രീ അബ്ദുൾസമദ് കെ വി യ്ക്കു പുനഃപ്രവേശനം നല്കുകയും **25.11.2023** ൽ

സേവനത്തിൽ പ്രവേശിച്ച ശ്രീ അബ്ദുൾസമദ് കെ വി **27.11.2023** മുതൽ **120** ദിവസത്തെ ശൂന്യവേതന അവധി അപേക്ഷ സമർപ്പിച്ച് ലീവ് അനുവദിക്കാതെ തന്നെ അവധിയിൽ പ്രവേശിച്ചു. അതിന് ശേഷം നാളിതുവരെയായി ശ്രീ.അബ്ദുൾ സമദ് കെ വി ജോലിയ്ക്ക് ഹാജരായിട്ടില്ല. **19.09.2012** ൽ ജോലിയിൽ പ്രവേശിച്ച ശ്രീ അബ്ദുൾ സമദ് കെ വി നിലവിലെ തസ്തികയിൽ നിരീക്ഷണകാലം പൂർത്തിയാക്കാതെയാണ് അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്നത് .

ശ്രീ അബ്ദുൾസമദ് കെ വിയ്ക്കെതിരെ **1960** ലെ കേരള സിവിൽ സർവീസസ് (തരം തിരിക്കലും, നിയന്ത്രണവും അപ്പീലും) പ്രകാരം വ്യവസ്ഥാപിതമായ ശിക്ഷണ നടപടികൾ സ്വീകരിക്കാതിരിക്കുവാൻ മതിയായ കാരണങ്ങൾ എന്തെങ്കിലും ഉണ്ടെങ്കിൽ ആയവ രേഖാമൂലം വ്യക്തമാക്കുവാൻ ഈ കാര്യാലയത്തിലെ സൂചന **(4)** പ്രകാരം കാരണം കാണിക്കൽ നോട്ടീസ് പുറപ്പെടുവിച്ചിരുന്നു. ആയത് ടിയാൻ കൈപ്പറ്റി യെങ്കിലും പ്രതിവാദ പത്രിക സമർപ്പിച്ചില്ല. ശ്രീ അബ്ദുൾ സമദ് കെ വി നിലവിൽ വിദേശത്ത് പെട്രോ കെമിക്കൽ കമ്പിനിയിൽ ജോലി നോക്കുന്നതായുള്ള ആക്ഷേപം നിലനിൽക്കുന്നു. വായന **(6** പ്രകാരം) ശ്രീ അബ്ദുൾ സമദ് കെ വി യുടെ നിരീക്ഷണകാലം റദ്ദാക്കി ഉത്തരവായിരുന്നു.

മേൽ സാഹചര്യത്തിൽ **KSR Part I Appendix XIIA** ഖണ്ഡിക **9** നു വിധേയമായി **1960** ലെ **KCS(CCA)** ചട്ടം **11(vii)** പ്രകാരം അബ്ദുസമദ് കെ വി, യെ സേവനത്തിൽ നിന്നും നീക്കം ചെയ്ത് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

**SHALIJ P R**

**DIRECTOR**

പകർപ്പ് :

**1.** ശ്രീ അബ്ദുസമദ് കെ വി, ട്രേഡ് ഇൻസ്ട്രക്ടർ, കെമിക്കൽ എഞ്ചിനീയറിംഗ് (സ്ഥാപന മേധാവി മുഖേന)
**2.** ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
**3.** പ്രിൻസിപ്പാൾ സർക്കാർ എഞ്ചിനീയറിങ് കോളേജ്, തൃശ്ശൂർ

Signed by
Shalij P R
Date: 08-11-2024 16:28:16